പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2944 19.06.2014 - ൽ മറുപടിക്ക്

## ബീമാപള്ളിയിലേക്ക് കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡിൽ നിന്ന് പാലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരത്തെ ബീമാപള്ളിയിലേക്ക് കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡിൽ നിന്ന് ഒരു പാലം നിർമ്മിക്കുമെന്ന തീരുമാനം നടപ്പാക്കുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) തിരുവനന്തപുരത്തെ ബീമാപള്ളിയിലേക്ക് കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡിൽ നിന്ന് ഒരു പാലം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സ്ഥലത്ത് എത്തിയപ്പോൾ നാട്ടുകാർ തടഞ്ഞതിനെ തുടർന്ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുവാൻ സാധിച്ചില്ല. അതിന് ശേഷം തിരുവനന്തപുരം ജില്ലാകളക്ടർ പല മീറ്റിംഗുകൾ കൂടിയെങ്കിലും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പാലത്തിനായി സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | |
| (സി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത പാലം പണി പൂർത്തിയാക്കി ബീമാപള്ളി നിവാസികൾക്കും തീർത്ഥാടകർക്കും യാത്രാ സൗകര്യം ലഭ്യമാക്കുമോ ? | (സി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ